**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **27-01-2026 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ എക്സൈസ് ഓഫീസുകളുടെ നിർമ്മാണവും പ്രവർത്തനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിലെ എക്സൈസ് ഓഫീസുകളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ വർക്കല മണ്ഡലത്തിൽ എക്സൈസ് സർക്കിൾ ഓഫീസിന്റെ പ്രവർത്തനത്തിനായി നാവായികുളത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പഴയ വില്ലേജ് ഓഫീസ് കെട്ടിടം അനുവദിച്ച് നൽകുകയും ആയതിന്റെ നവീകരണത്തിനായി 3,00,000/- (മൂന്ന് ലക്ഷം ) രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br>ഈ സർക്കാരിന്റെ കാലയളവിൽ എക്സൈസ് റേഞ്ച് ഓഫീസിന് റസ്റ്റ് റൂം, ഹാൾ, റൂഫ് എന്നിവക്കായി എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി 2025-26 -ൽ ഉൾപ്പെടുത്തി 21,00,000/- (21ലക്ഷം) രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ നടന്ന് വരുന്നു. |
| (ബി) | എക്സൈസ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വർക്കല എക്സൈസ് സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ് എന്നിവക്ക് വയർലെസ്സ് കണക്ഷൻ, KFON കണക്ഷൻ, കമ്പ്യൂട്ടർ സിസ്റ്റം, ഫോട്ടോസ്റ്റാറ് മെഷീൻ, ഇന്റർനെറ്റ് കണക്ഷൻ തുടങ്ങി എല്ലാവിധ അത്യാധുനിക സൗകര്യങ്ങളും അനുവദിച്ചിട്ടുണ്ട്. കൂടാതെ വർക്കല എക്സൈസ് സർക്കിൾ ഓഫീസിനായി ചെമ്മരുതി വില്ലേജിൽ 6.45 ആർ ഭൂമി എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ